Pay of canal officers.

383. മിസ്റ്റർ കെ. എം. എബ്രാഹിം.—കനാൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്റെ ലീസ്റ്റ് മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ശമ്പളവിവരത്തിന്റെ ലീസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് (*Appendix III.*)

Painter—Canal Depot.

384. മിസ്റ്റർ കെ. എം. എബ്രാഹിം.—(a) പെയിന്ററെ കനാലിലേക്കുള്ള ആവശ്യമെന്ത്?

(b) പെയിന്റർ അവധിയിൽ ആയിരിക്കുമ്പോഴോ സ്ഥലത്തില്ലായിരിക്കുമ്പോഴോ പകരം ജോലി ചെയ്യുന്നതാര്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ലൈസൻസ് ചെയ്തിട്ടുള്ള ജലവാഹനങ്ങളുടെ നമ്പറുകൾ പായ്ക്കുന്നതിനും, കനാൽ സൂപ്രണ്ട് അപ്പപ്പോൾ നിയോഗിയ്ക്കുന്ന മറ്റു ജോലികൾ ചെയ്യുന്നതിനും.

(b) പെയിന്റർ അവധിയിൽ ആയിരിയ്ക്കുമ്പോൾ ബോക്കിയുള്ള 2 ഉദ്യോഗസ്ഥന്മാർ ആയാളുടെ ജോലിയും കൂടി ചെയ്യുന്നതാണ്. പെയിന്റർ സ്ഥലത്തില്ലായിരിയ്ക്കുമ്പോൾ ആയാൾക്കു പകരം ജോലി ചെയ്യുന്നതിനു വേറെ ആളെ ആവശ്യമില്ല.

Time—Canal Jetty.

385. മിസ്റ്റർ കെ. എം. ഇബ്രാഹിം.—(a) ജട്ടിസൂപ്രണ്ടന്മാരുടെ ഇഷ്ടാനുസൃതം ടയിം പീസ്സിന്റെ സമയം മുന്നോട്ടും പിന്നോട്ടും പോകുന്നുണ്ടെന്നു ഒരുപേക്ഷിച്ചാക്കാം അറിഞ്ഞിട്ടുണ്ടോ;

(b) അതിനു നിവാരണം കണ്ടുപിടിക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഇല്ല.

(b) മറുപടിയ്ക്കാവശ്യമില്ല.

Boat from Kottappuram—Starting time.

386. മിസ്റ്റർ കെ. എം. എബ്രാഹിം.—കോട്ടപ്പുറത്തുനിന്നു 5-30 a. m. നു പുറപ്പെടേണ്ട ബോട്ട് മിക്ക അവസരങ്ങളിലും രണ്ടുകിൽ അഞ്ചിനു അല്ലെങ്കിൽ 6-നു ഇങ്ങനെ അനിശ്ചിതസമയങ്ങളിൽ വിട്ടുവരുന്നതായി സർക്കാർ അറിഞ്ഞിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഇല്ല.

Personal talk—Excise Commissioner.

387. **Mr. K. M. Ibrahim.**—Will the Government be pleased to state whether the Member for Excise remarked in personal talk to any of the Hon'ble Non-official Members during our last session to the effect that he was only playing a part in some of the positions he took in the said session?

Mr. U. Kandar Menon.—The Member for Excise does not recollect having made such a statement to any Member of the Council.

LIBRARY ARCHIVES Kerala Legislative Assembly